N. K. Sreekumar



ഐ. ജി. ടി. യുടെ ആരംഭത്തിൽ തന്നെ ജീവനക്കാരുടെ കായികമായ കഴിവുകൾ പ്രോത്സാഹിപ്പിച്ചതിന്റെ ഭാഗമായി ഇന്ന് അറിയപ്പെടുന്ന രീതിയിൽ നല്ല ഒരു ഫുട്ബോൾ ടീമിനേയും, ക്രിക്കറ്റ് ടീമിനേയും വാർത്തെടുക്കുവാൻ ഐ. ജി. ടി. ക്ക് കഴിഞ്ഞു. പല ടൂർണമെന്റുകളിലും ഈ ടീമുകൾ അവരുടെ കഴിവുകൾ തെളിയിച്ച് ജനശ്രദ്ധ പിടിച്ചുപററുകയുണ്ടായി.

അതിന്റെ ഉദാഹരണമാണ് സെപ്തബറിൽ നടക്കുവാൻപോകുന്ന ബംഗാൾ ടൈഗർ ലൈൻ ക്രിക്കററ് ടൂർണമെന്റിലേക്ക് ടീമിന് ക്ഷണം കിട്ടിയത്. ഈ ടൂർണമെന്റിലേക്കുള്ള കോച്ചിങ്ങ് ക്യാമ്പ് നടന്നുകൊണ്ടിരിക്കുകയാണ്.

ഫുട്ബോൾ രംഗത്താണെങ്കിൽ ഐ. ജി. ടി. എവർ റോളിംഗ് ട്രോഫി സംഘടിപ്പിച്ചതിനു ശേഷം ചെല്ലാനം പള്ളിമുററം ബ്രദേഴ്സും, എറണാകുളം ഉദയ ക്ലബ്ബും, ഭഗത് സോക്കർ തൃപ്പൂണിത്തുറയും നടത്തിയ അഖില കേരള ഫുട്ബോൾ ടൂർണമെന്റിൽ ഫൈനൽ വരെ കളിച്ച് റണ്ണേഴ്സ് അപ്പ് ട്രോഫി കരസ്ഥമാക്കുവാൻ ഐ. ജി. ടി. ഫുട്ബോൾ ടീമിന് കഴിഞ്ഞു.



നവംബർ 2007 – ൽ ഇന്ത്യൻ നേവിയുടെ കൊച്ചി കേന്ദ്രം സംഘടിപ്പിക്കുന്ന ദ്രോണാചാര്യ അഖില കേരള ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കുന്നതിന് ക്ഷണം കിട്ടിയിട്ടുണ്ട്. ടീമിന്റെ കോച്ചിങ്ങ് ക്യാമ്പ് പ്രാരംഭ ഘട്ടത്തിലാണ്.



എറണാകുളം ജില്ലാ ഫുട്ബോൾ റഫറീസ് അസ്സോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ മാധവൻ, IGTPL എച്ച്.ആർ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തു വരുന്നു. ജില്ലയിലെ പ്രമുഖ ടീമുകളെ പലപ്പോഴായി ഇദ്ദേഹം പ്രധിനിധീകരിച്ചിട്ടുണ്ട്. അഖിലേന്ത്യ മേജർ പോർട്ട് ഫുട്ബോൾ ടൂർണമെന്റ് ഉൾപ്പെടെ കേരളത്തിനകത്തും പുറത്തുമായി വളരെയധികം ഫുട്ബോൾ ടൂർണമെന്റുകളിൽ റഫറിയായി പ്രശംസനീയമായ രീതിയിൽ മത്സരങ്ങൾ നിയന്ത്രിച്ചിട്ടുണ്ട്.